## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1830 16.06.2014-ൽ മറുപടിയ്ക്ക്

### സ്കൂൾ പരിസരത്തെ പുകയില ഉല്പന്ന വിപണനക്കാർക്കെതിരെ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ. എ. അസീസ് | | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്തെ സ്കൂൾ പരിസരം കേന്ദ്രീകരിച്ച് പുകയില ഉല്പന്നങ്ങൾ വ്യാപകമായി വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ സ്കൂൾ പരിസരം കേന്ദ്രീകരിച്ച് പുകയില ഉല്പന്നങ്ങൾ വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | സ്കൂൾ പരിസരത്ത് പുകയില ഉല്പന്നങ്ങൾ വിൽക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; | (ബി) സ്കൂൾ പരിസരത്ത് പുകയില ഉല്പന്നങ്ങൾ വിൽക്കുന്നവർക്കെതിരെ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടി സ്വീകരിക്കുന്നുണ്ട്. |
| സി) | എത്ര കേസുകൾ ആർക്കെല്ലാമെതിരെ സ്വീകരിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (സി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) | സ്കൂളുകളിലെ കുട്ടി പോലീസിനെ ഉപയോഗിച്ച് ഇത്തരത്തിൽ വിപണനം നടത്തുന്നവരെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) സ്കൂളുകളിലെയും, പരിസരങ്ങളിലെയും പുകയില ഉല്പന്നങ്ങൾ കണ്ടെത്തുന്നതിനായി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ